സംഘടന

പ്രഫ. കെ.എ സിദ്ദീഖ് ഹസൻ

# ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ

**പത്തൊമ്പതാം** നൂറ്റാണ്ടിന്റെ അന്ത്യപാദം. തിരുവിതാംകൂറും കൊച്ചിയും മലബാറും വേറെ വേറെ നാട്ടുരാജ്യങ്ങളായി കഴിഞ്ഞിരുന്ന കാലം. അന്ന് ഈ പ്രദേശങ്ങളിലെ മുസ്‌ലിം അവസ്ഥ ഒട്ടും തൃപ്തികരമായിരുന്നില്ല. മൊത്തം സമൂഹത്തെ ബാധിച്ച സാമൂഹിക-സാംസ്കാരിക ജീർണതകൾ മുസ്‌ലിംകളെയും ഗ്രസിച്ചു. വിദ്യാഭ്യാസമെന്നത് പാരമ്പര്യമതപഠനത്തിൽ ഒതുങ്ങി. ആധുനിക വിദ്യാഭ്യാസത്തിൽനിന്ന് പൂർണമായും മുഖം തിരിച്ചുനിന്നു. സ്ത്രീവിദ്യാഭ്യാസം തീർത്തും 'ഹറാം.' ഇംഗ്ലീഷ് പഠനം നിഷിദ്ധമായിരുന്നു. സമുദായപ്രവർത്തനങ്ങൾ പള്ളിപരിപാലനത്തിലും വഅ്ള് പരമ്പരകൾ സംഘടിപ്പിക്കുന്നതിലും ഒതുങ്ങി. ഈ കാലയളവിൽ സനാഉല്ലാ മഖ്ദീതങ്ങൾ എന്ന ഒറ്റയാൾ പ്രസ്ഥാനമാണ് ഈ ദുരവസ്ഥക്കെതിരെ മാറ്റത്തിന്റെ ആദ്യകൈത്തിരി കത്തിച്ചത്. വക്കം മൗലവിയും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയും അബുസ്സ്വബാഹുമൊക്കെ ആ തിരിവെട്ടത്തിന് വ്യാപ്തിനൽകിയവരാണ്. 1920-കളിൽ കെ.എം മൗലവി, ഇ.കെ മൗലവി എന്നിവരുടെ നേതൃത്വത്തിൽ കേരള ജംഇയ്യത്തുൽ ഉലമായുടെ രൂപവൽക്കരണം ഈ രംഗത്ത് ഒരു വഴിത്തിരിവായിരുന്നു.

ഈ ഘട്ടത്തിൽ തന്നെയാണ് ഇരുപതാം നൂറ്റാണ്ടിലെ ഇസ്‌ലാമിക നവോത്ഥാന നായകനായ അബുൽഅഅ്ലാ മൗദൂദിയുടെ ചിന്തകളിൽ ആകൃഷ്ടനായി പഞ്ചാബിലെ പഠാൻകോട്ടിലെത്തി അദ്ദേഹത്തിന്റെ ശിഷ്യത്വത്തിൽ ഏതാനും മാസങ്ങൾ ചെലവഴിച്ച ഹാജി വി.പി മുഹമ്മദലി സാഹിബ് കേരളക്കരയിലെത്തുന്നത്. പണ്ഡിതനും വാഗ്മിയും പുരോഗമനചിന്താഗതിക്കാരനുമായ മുഹമ്മദലി സാഹിബിനെ മൗദൂദിയുടെ ചിന്തകൾ ആഴത്തിൽ സ്വാധീനിച്ചു. അദ്ദേഹത്തിലെ സംഘാടകനും നവോത്ഥാനനായകനും ഉണർന്നു. മുസ്‌ലിം സമുദായത്തെ അന്ധവിശ്വാസങ്ങളിൽനിന്നു മോചിപ്പിച്ചതു കൊണ്ടുമാത്രമായില്ല, ഇസ്‌ലാമിന്റെ യഥാർഥ ചിത്രം മനസ്സിലാക്കിക്കൊടുത്ത് അവരെ അതിന്റെ വക്താക്കളും പ്രയോക്താക്കളുമാക്കി മാറ്റിയെടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം തീരുമാനിച്ചുറച്ചു.

ഒരർഥത്തിൽ കേരളത്തിൽ രൂപംകൊണ്ട പരിഷ്കരണസംരംഭങ്ങളുടെ തുടർച്ചയും അവയുടെ പൂരകവുമായാണ് ജമാഅത്തെ ഇസ്‌ലാമി കടന്നുവന്നത്. കേരളത്തിൽ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തവരും ആദ്യമാദ്യം അതിലാകൃഷ്ടരായവരും പുരോഗമനാശയങ്ങൾ ഉൾക്കൊണ്ടവരായിരുന്നു. ഹാജിസാഹിബ് ആദ്യമായി ചെയ്തത് സ്വന്തം പ്രദേശമായ വളാഞ്ചേരി കേന്ദ്രമാക്കി ജമാഅത്തുൽ മുസ്തർശിദീൻ എന്ന പേരിൽ ഒരു സംഘടനക്ക് രൂപംനൽകുകയാണ്. അക്കാലത്തുതന്നെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കാനും വ്യക്തിബന്ധങ്ങളിലൂടെ സഹപ്രവർത്തകരെ നേടിയെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അങ്ങനെയാണ് കോഴിക്കോട്ടെ പൗരപ്രമാണിയും സജീവ മുജാഹിദ് പ്രവർത്തകനുമായിരുന്നു കുഞ്ഞോയി വൈദ്യരുടെ ഒത്താശയോടെ കോഴിക്കോട് പട്ടണത്തിൽ സ്ഥിരമായി ക്ലാസ്സുകൾ നടത്താനാരംഭിച്ചത്. അക്കാലത്ത് പട്ടാളപ്പള്ളിയിൽ ഖുത്ബ നിർവഹിച്ചിരുന്നതും ഹാജി സാഹിബാണ്.

പഠാൻകോട്ടിൽനിന്ന് തിരിച്ചെത്തിയപാടെ നാടെങ്ങും ജമാഅത്തെ ഇസ്‌ലാമിയുടെ ശാഖകൾ രൂപീകരിക്കാനല്ല ഹാജി സാഹിബ് ശ്രമിച്ചത്. മറിച്ച് ആദർശനിഷ്ഠയും ജീവിതവിശുദ്ധിയുമുള്ള ഒരു സംഘത്തെ അതിനായി സജ്ജമാക്കാനാണ്. പ്രസ്ഥാനത്തിന്റെ മാനദണ്ഡങ്ങൾക്കനുയോജ്യരായ വ്യക്തികളെ കണ്ടെത്തുന്നതുവരെ ഔദ്യോഗികമായി പ്രവർത്തനമാരംഭിക്കേണ്ടതില്ല എന്നാണദ്ദേഹം കണ്ടത്. അതനുസരിച്ചാണ് വളാഞ്ചേരിയിൽ തനിക്ക് കിട്ടിയ അനുയായികളെ ചേർത്ത് മറ്റൊരു പേരിൽ സംഘടനക്ക് രൂപം നൽകിയത്.

ഹാജിസാഹിബിന്റെ ക്ലാസ്സുകൾ അഭിസംബോധിതരെ ആഴത്തിൽ സ്പർശിച്ചു. ഒറ്റനോട്ടത്തിൽ തന്നെ വ്യക്തികളെ തിരിച്ചറിയാനും ആകർഷിച്ചടുപ്പിക്കാനുമുള്ള അദ്ദേഹത്തിന്റെ മാസ്മരികസിദ്ധി ഒന്നു വേറെയായിരുന്നു. ധീരവും ഉജ്ജ്വലവുമായ അദ്ദേഹത്തിന്റെ വ്യക്തിത്വം ആത്മാർപ്പണ വികാരമുള്ള ഒരു സംഘത്തെ സജ്ജമാക്കുന്ന ജോലി എളുപ്പമാക്കി.

1944-ലാണ് ഹാജിസാഹിബ് പഠാൻകോട്ടിൽനിന്ന് തിരിച്ചെത്തിയ

ത്. രണ്ടുവർഷത്തിനുശേഷം 1946-ൽ ജമാഅത്തുൽ മുസ്തർശിദീൻ രൂപം കൊണ്ടു. തൊട്ടടുത്ത വർഷം കാട്ടിപ്പരുത്തിയിൽവെച്ച് ജമാഅത്തിന്റെ പ്രഥമവാർഷികയോഗം ചേർന്നു. അതിൽ ജമാഅത്തിന്റെ മദിരാശി സംസ്ഥാന അമീർ ശൈഖ് അബ്ദുല്ലാ സാഹിബ്, പ്രശസ്തപണ്ഡിതന്മാരിയിരുന്ന സിബ്ഗതുല്ലാ സാഹിബ്, മുഹമ്മദ് ഇസ്മാഈൽ സാഹിബ്, സയ്യിദ് അമീൻ സാഹിബ് തുടങ്ങിയവർ സംബന്ധിച്ചിരുന്നു. നാനൂറിൽപരം പേർ ആ സമ്മേളനത്തിൽ പങ്കുകൊണ്ടു. ജമാഅത്തുൽ മുസ്തർശിദീന്റെ ആദർശവും ലക്ഷ്യവും ജമാഅത്തെ ഇസ്ലാമിയുടേതു തന്നെയായിരുന്നു. 1948-ൽ വളാഞ്ചേരിയിലെ പി. മരക്കാർ സാഹിബിന്റെ വസതിയിൽ ചേർന്ന ജമാഅത്തുൽ മുസ്തർശിദീന്റെ രണ്ടാം വാർഷിക യോഗം പ്രസ്തുത സംഘടനയെ ജമാഅത്തെ ഇസ്ലാമി എന്ന് പുനർനാമകരണം ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത്. അങ്ങനെയാണ് കേരളത്തിൽ ആദ്യമായി ജമാഅത്തെ ഇസ്ലാമിയുടെ ശാഖ നിലവിൽവന്നത്. പ്രഥമ അമീറായി ഹാജി സാഹിബ് തെരഞ്ഞെടുക്കപ്പെട്ടു. അന്ന് 'ഖയ്യിം' എന്നാണ് പ്രയോഗിച്ചിരുന്നത്. താമസിയാതെ കോഴിക്കോട്ടും തുടർന്ന് കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലും ജമാഅത്ത് ഘടകങ്ങൾ നിലവിൽവന്നു.

ഹാജിസാഹിബിന്റെയും അദ്ദേഹത്തിന്റെ ആദ്യകാല സഹപ്രവർത്തകരുടെയും നിസ്തന്ദ്രമായ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിൽ ജമാഅത്തിന്റെ ശബ്ദം ഉച്ചത്തിൽ മുഴങ്ങാൻ തുടങ്ങി. അന്ന് മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രവർത്തകർ ഒറ്റക്കും കൂട്ടായും ജമാഅത്തിലേക്ക് കടന്നുവന്നു. ചില പ്രദേശങ്ങളിലെങ്കിലും നദ്‌വത്തുൽ മുജാഹിദീന്റെ ശാഖകൾ അപ്പാടെ ജമാഅത്ത് ഘടകമായി മാറിയ അനുഭവങ്ങളുമുണ്ട്. യാഥാസ്ഥിതികവിഭാഗത്തിൽനിന്നും ധാരാളം പേർ ജമാഅത്തിലേക്ക് വന്നിട്ടുണ്ടെങ്കിലും ആദ്യകാലത്തെ മുജാഹിദ് സ്വാധീനം കേരളത്തിലെ ജമാഅത്ത് പ്രവർത്തകരെ 'സലഫീ' ലൈനിൽ ഉറപ്പിച്ചുനിർത്തുന്നതിൽ ഗണ്യമായ പങ്കുവഹിച്ചു.

സലഫികൾ ആദ്യകാലത്ത് ഹാജിസാഹിബിനെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയും 'അപകട'മായി കണ്ടിരുന്നില്ല. കോഴിക്കോട്ടെ മുജാഹിദ് മിമ്പറായ പട്ടാളപ്പള്ളിയിൽ ഹാജിസാഹിബിനെ ഖത്വീബായി നിയമിച്ചതും കുഞ്ഞോയി വൈദ്യർ അദ്ദേഹത്തിന്റെ ക്ലാസ്സുകൾക്ക് ഒത്താശ ചെയ്തുകൊടുത്തതും മുകളിൽ സൂചിപ്പിക്കുകയുണ്ടായി. 1947-ൽ വളാഞ്ചേരിയിൽ ചേർന്ന ജമാഅത്തുൽ മുസ്തർശിദീന്റെ പ്രഥമ വാർഷികസമ്മേളനത്തിൽ പ്രമുഖ ഇസ്ലാഹീ പണ്ഡിതന്മാരായിരുന്ന മർഹൂം ശൈഖ് മുഹമ്മദ് മൗലവി, എ.കെ അബ്ദുല്ലത്വീഫ് മൗലവി, പറപ്പൂർ അബ്ദുർറഹ്മാൻ മൗലവി, കൂട്ടായി അബ്ദുല്ല ഹാജി, എടവണ്ണ എ. അലവിമൗലവി, കെ. ഉമർ മൗലവി എന്നിവരും പ്രത്യേക ക്ഷണിതാക്കളായി പങ്കെടുത്തിരുന്നു. ജമാഅത്തിന്റെ ആദർശവും ലക്ഷ്യവും വിശദീകരിച്ചുകൊണ്ട് ഹാജി സാഹിബ് ചെയ്ത പ്രസംഗത്തെ അവരാരും എതിർക്കുകയുണ്ടായില്ല എന്നു മാത്രമല്ല, അവരിൽ ചിലരെങ്കിലും അതിൽ ആകൃഷ്ടരായി അനുകൂലാഭിപ്രായം രേഖപ്പെടുത്തുകയുമുണ്ടായിട്ടുണ്ട്. ഈ ആദർശമുൾക്കൊണ്ടവർ ഒരു പ്രദേശത്ത് ഒരുമിച്ച് താമസിച്ച് ഒരു മാതൃകാ സമൂഹം കെട്ടിപ്പടുക്കുകയാണ് വേണ്ടത് എന്നുവരെ കെ. ഉമർമൗലവി അഭിപ്രായപ്പെട്ടു. ഊഷ്മളമായ അന്തരീക്ഷത്തിൽ മൊട്ടിട്ട ജമാഅത്ത്-മുജാഹിദ് ബന്ധത്തിന്റെ കണ്ണികൾ ഇന്ന് തീർത്തും അറ്റുപോയിരിക്കുന്നുവെന്നത് അത്യന്തം ദുഃഖകരമാണ്. വീക്ഷണവൈജാത്യങ്ങളുണ്ടെങ്കിലും ലോകത്തെമ്പാടും സലഫീപ്രസ്ഥാനവും ഇസ്ലാമിക പ്രസ്ഥാനങ്ങളും സഹകരണത്തിന്റെ പാത പിന്തുടരുമ്പോൾ കേരളത്തിൽമാത്രം കടുത്ത ശത്രുത നലനിൽക്കുന്നത് നിർഭാഗ്യകരമത്രെ. ഇടക്കൊക്കെ മുറിഞ്ഞുപോയ സലഫീ-ജമാഅത്ത് ബന്ധം ചില ഘട്ടങ്ങളിലെങ്കിലും സഹകരണത്തിന്റെ ലൈനിലേക്ക് ഉയർന്നതു കാണാം. ഒരു സന്ദർഭത്തിൽ കേരളത്തിലുടനീളം മുജാഹിദുകളും ജമാഅത്തുകാരും ഒരുമിച്ച് 'ഇസ്ലാമിനെ പരിചയപ്പെടുക' എന്ന ബാനറിൽ സംയുക്തമായി പരിപാടികൾ സംഘടിപ്പിച്ചു പോന്നത് മധുരിക്കുന്ന ഓർമകളായി ഇന്നും മനസ്സിലവശേഷിക്കുന്നു. ഇവിടെ എടുത്തോതേണ്ട ഒരു കാര്യമുണ്ട്. മുജാഹിദ്-ജമാഅത്ത് ബന്ധം നന്നായപ്പോഴും ചീത്തയായപ്പോഴും ജമാഅത്ത് പ്രസ്ഥാനത്തോടും അതിന്റെ നേതൃത്വത്തോടും തങ്ങളിൽ മതിപ്പും ആദരവും കാത്തു സൂക്ഷിച്ചുപോന്ന എത്രയോ മഹത്തുക്കൾ ആ പ്രസ്ഥാനത്തിന്റെ നേതൃനിരയിലുണ്ടായിരുന്നു. മർഹൂം അബ്ദുല്ലത്വീഫ് മൗലവി, അബുസ്സലാഹ് മൗലവി, സി.പി അബൂബക്കർ മൗലവി, ഇന്ന് ജീവിച്ചിരിക്കുന്ന ബഹുമാന്യനായ മുഹമ്മദ് കുട്ടശ്ശേരി മൗലവി എന്നിവർ അവരിൽ ചിലർ മാത്രം.

ആദ്യഘട്ടത്തിൽ ഹാജി സാഹിബ് ഒറ്റക്കാണ് രംഗത്തുണ്ടായിരുന്നത്. പിന്നീട് മർഹൂം കെ.സി അബ്ദുല്ല മൗലവി, വി.കെ.എം ഇസ്സുദ്ദീൻ മൗലവി തുടങ്ങിയവർ നാസിമുകളായി നിയമിതരായി. ഹാജി സാഹിബ് അമീറായി ചുമതലയേറ്റപ്പോൾ ഖയ്യിമായി നിയമിതനായ ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, ടി.കെ അബ്ദുല്ല സാഹിബ്, കെ.ടി അബ്ദുപ്പു മൗലവി, കെ. പി.കെ അഹ്മദ് മൗലവി, മുഹമ്മദ് ത്വാഇൗ മൗലവി, എസ്.എം ഹനീഫാ സാഹിബ്, പി. മുഹമ്മദ് അബുൽ ജലാൽ മൗലവി, കെ.

മൊയ്തുമൗലവി, കെ. അബ്ദുസ്സലാം മൗലവി, കെ. അബ്ദുർറഹ്മാൻ സാഹിബ് തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ കേരള ജമാഅത്തിന്റെ വളർച്ചയിൽ വഹിച്ച പങ്ക് വാക്കുകൾക്കതീതമാണ്.

പ്രസ്ഥാനത്തിന്റെ ശബ്ദം ജനങ്ങളിലേക്ക് എത്തിക്കാനും എതിരാളികളുടെ ആരോപണങ്ങൾക്ക് മറുപടി പറയാനും സ്വന്തമായി പത്രങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കേണ്ടതുണ്ടെന്ന് ഏറെ താമസിയാതെ പ്രസ്ഥാനനേതൃത്വത്തിന് ബോധ്യമായി. 1945 ഏപ്രിൽ 19 മുതൽ 21 വരെ പഞ്ചാബിലെ 'ദാറുൽ ഇസ്‌ലാമി'ൽ ചേർന്ന ജമാഅത്തെ ഇസ്‌ലാമിയുടെ ഒന്നാം അഖിലേന്ത്യാ സമ്മേളനം കനപ്പെട്ട ഇസ്‌ലാമിക ഗ്രന്ഥങ്ങൾ വിവിധ ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ തീരുമാനമെടുത്തിരുന്നു. മലയാളത്തിൽ ഈ ചുമതല നിർവഹിക്കാൻ ഹാജി സാഹിബിനെയാണ് കണ്ടത്. അങ്ങനെയാണ് ഇന്ന് കേരളത്തിലെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസിദ്ധീകരണാലയമായ ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് ജന്മം കൊള്ളുന്നത്. ഐ.പി.എച്ചിന്റെ ആദ്യപ്രസിദ്ധീകരണം മൗലാനാ മൗദൂദിയുടെ വിശ്വവിഖ്യാതമായ ഇസ്‌ലാം മതമായിരുന്നു. 1945-ലാണ് അതു പുറത്തുവന്നത്. തുടർന്ന് മൗദൂദി സാഹിബിന്റെ തന്നെ ഇന്ത്യൻ യൂനിയനും ഇസ്‌ലാമിക പ്രസ്ഥാനവും, രക്ഷാസരണി, ഖുത്ബാത്ത്, ബുദ്ധിയുടെ വിധി തുടങ്ങിയ ഗ്രന്ഥങ്ങളും പുറത്തുവന്നു. ഈ കൃതികൾ മുസ്‌ലിം ബുദ്ധിജീവികളെയും പണ്ഡിതന്മാരെയും ഹഠാദാകർഷിച്ചു. മലയാളഭാഷ ഭംഗിയായി സംസാരിക്കാൻ പോലും കഴിവുള്ളവർ അപൂർവമായ അക്കാലത്ത് ജമാഅത്ത് നേതാക്കളുടെ വടിവൊത്ത ഭാഷയിലുള്ള പ്രസംഗങ്ങളും ജമാഅത്ത് പ്രസിദ്ധീകരണങ്ങളുടെ നിലവാരമുള്ള ഭാഷാശൈലിയും ഒരു പുതുമ തന്നെയായിരുന്നു. ജമാഅത്തിന്റെ ഇസ്‌ലാമിനെ സംബന്ധിച്ച മൗലികമായ കാഴ്ചപ്പാട് മുസ്‌ലിം ജനസാമാന്യത്തിലേക്കെത്തിക്കുന്നതിൽ ഈ കൃതികൾ വഹിച്ച പങ്ക് വളരെ വലുതാണ്. മൗലാനയുടെ കൃതികൾക്കു പുറമെ പ്രഗത്ഭപണ്ഡിതന്മാരായിരുന്ന അമീൻ അഹ്സൻ ഇസ്‌ലാഹി, മസ്ഊദ് ആലം നദ്‌വി, സ്വദ്റുദ്ദീൻ ഇസ്‌ലാഹി എന്നിവരുടെ കൃതികളും ഐ.പി.എച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി. അതോടൊപ്പം ആഗോളതലത്തിൽ പ്രശസ്തരായ ഇസ്‌ലാമിക നവോത്ഥാനനായകരുടെയും പണ്ഡിതരുടെയും ധാരാളം രചനകൾ ഐ.പി.എച്ചിലൂടെ പുറത്തുവന്നു; ഒപ്പം കേരളീയരായ എഴുത്തുകാരുടെയും.

അങ്ങിങ്ങായി ചിതറിക്കിടക്കുന്ന ഇസ്‌ലാമിക പ്രവർത്തകർക്കും പ്രസ്ഥാന ഘടകങ്ങൾക്കും അപ്പപ്പോൾ മാർഗനിർദേശങ്ങൾ നൽകാനും അവർക്ക് പ്രസ്ഥാനത്തെ സംബന്ധിച്ച അറിവും കാഴ്ചപ്പാടും പകർന്നുകൊടുക്കാനും ഇസ്‌ലാമികലോകത്തെ ചലനങ്ങൾ അറിയിക്കാനും മുസ്‌ലിംകളും അമുസ്‌ലിംകളുമായ രാജ്യനിവാസികൾക്ക് ഇസ്‌ലാമിന്റെയും പ്രസ്ഥാനത്തിന്റെയും ശബ്ദമെത്തിക്കാനും ഒരു ആനുകാലിക പ്രസിദ്ധീകരണം ആവശ്യമാണെന്ന് പ്രസ്ഥാനനേതൃത്വവും പ്രവർത്തകരും കൊതിച്ചതിന്റെ ഫലമായാണ് 1949 ആഗസ്റ്റ് ഒന്നിന് പ്രബോധനം പാക്ഷികം പുറത്തിറങ്ങുന്നത്. ഡിമൈ 1/4 സൈസിൽ 24 പേജുള്ള പത്രത്തിന് വില നാലണയായിരുന്നു. തിരൂരിലെ ജമാലിയ പ്രിന്റിംഗ് വർക്സിൽനിന്നായിരുന്നു ആദ്യം പത്രം അച്ചടിച്ചിരുന്നത്. പിന്നീട് ജമാഅത്ത് സ്വന്തം പ്രസ്സു വാങ്ങി എടയൂരിൽ ജമാഅത്തെ ഇസ്‌ലാമി ഓഫീസിനോടനുബന്ധിച്ചുള്ള കെട്ടിടത്തിൽ സ്ഥാപിക്കുകയും പത്രവും പുസ്തകങ്ങളും മറ്റും അവിടെ നിന്ന് അച്ചടിക്കാൻ തുടങ്ങുകയും ചെയ്തു.

പ്രവർത്തകരുടെ ശിക്ഷണത്തിലും പ്രസ്ഥാനത്തിന്റെ വ്യാപനത്തിലും *പ്രബോധനം* വഹിച്ച പങ്ക് മഹത്തരമാണ്. *പ്രബോധന*ത്തിന്റെ പ്രഥമ എഡിറ്ററും പ്രിന്ററും പബ്ലിഷറും എല്ലാം ഹാജിസാഹിബായിരുന്നു. ഹാജി സാഹിബും അദ്ദേഹത്തിന്റെ സഹചാരിയും വലംകൈയുമായിരുന്ന കെ.സി സാഹിബുമൊക്കെ തന്നെയായിരുന്നു എഴുത്തുകാരും ജോലിക്കാരും. പിന്നീട് ടി.കെ അബ്ദുല്ലാ സാഹിബ്, ടി. മുഹമ്മദ് സാഹിബ്, ഒ. അബ്ദുർറഹ്മാൻ സാഹിബ്, ഒ. അബ്ദുല്ലാ സാഹിബ്, അബൂബക്കർ നദ്‌വി, വി. അബ്ദുൽ കബീർ, അബ്ദുല്ലാ ഹസൻ തുടങ്ങിയവർ പത്രാധിപന്മാരായി ചുമതല വഹിച്ചിരുന്നു.

കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ഇസ്‌ലാമിക പത്രം എന്നതിലുപരി കാലഘട്ടത്തിന്റെ നാഡീസ്പന്ദനങ്ങളേറ്റുവാങ്ങി രാഷ്ട്രാന്തരീയ നിലവാരത്തിൽ പുറത്തിറങ്ങുന്ന കരുത്തുറ്റ ഇസ്‌ലാമിക ജിഹ്വ കൂടിയാണ് ഇന്ന് *പ്രബോധനം.* പിന്നിട്ട അമ്പതു വർഷങ്ങൾക്കിടക്ക് *പ്രബോധനം* ചർച്ച ചെയ്യാത്ത വിഷയങ്ങളില്ല. ഒരുവേള അടിയന്തരാവസ്ഥക്കാലത്ത് പ്രസ്ഥാനം നിരോധിക്കപ്പെടുകയും പത്രസ്ഥാപനം അടച്ചു സീൽ വയ്ക്കപ്പെടുകയും ചെയ്ത നാളുകളിലൊഴികെ മുടക്കം കൂടാതെ പ്രസിദ്ധീകരിക്കപ്പെട്ട മലയാളത്തിലെ അപൂർവം ആനുകാലികങ്ങളിലൊന്നു കൂടിയാണ് *പ്രബോധനം.* പാക്ഷികമായി ആരംഭിച്ച *പ്രബോധനം* 1964 മുതൽ ഒരേസമയം വാരികയും മാസികയുമായും വളർന്നു. പിന്നീട് 1987 മുതൽ വീണ്ടും വാരികമാത്രമായി പ്രസിദ്ധീകരണം തുടർന്നു. അടിയന്തരാവസ്ഥക്കാലത്ത് *പ്രബോധനം* നിലച്ചപ്പോൾ ആ സ്ഥാനമേറ്റെടുത്ത *ബോധന*വും 1972-ൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ആരംഭിച്ച

*സന്മാർഗം,* 1980 നവംബറിൽ തുടക്കം കുറിച്ച *മലർവാടി,* 1986-ൽ വിദ്യാർഥി യുവജനങ്ങൾക്കുവേണ്ടി പുറത്തിറങ്ങിയ *യുവസരണി,* 1985-ൽ വനിതകൾക്കായി ആരംഭിച്ച *ആരാമം*, 1987 ജൂണിൽ വാർത്താ മാധ്യമങ്ങളിൽ വഴിത്തിരിവായി പ്രസ്ഥാന പ്രവർത്തകർ മുൻകൈയെടുത്ത് പുറത്തിറക്കിയ *മാധ്യമം* ദിനപത്രം, അടിയന്തരാവസ്ഥക്കുശേഷം ദൗത്യം പൂർത്തിയാക്കി രംഗത്തുനിന്ന് പിന്മാറിയശേഷം 1995 ജനുവരിയിൽ ഗവേഷണ ത്രൈമാസികയായി വീണ്ടും കടന്നുവന്ന *ബോധനം* - ഇവയെല്ലാം 1949-ൽ എളിമയോടെ തുടക്കം കുറിച്ച *പ്രബോധനം* കുടുംബത്തിന്റെ വളർച്ചയിലെ നാഴികക്കല്ലുകളാണെന്ന് പറയാം. കേരളത്തിലെ ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും ദശകളായും അതിനെ കാണാവുന്നതാണ്.

കേരള ജമാഅത്തെ ഇസ്‌ലാമി വളാഞ്ചേരിയിലെ ജംഇയ്യത്തുൽ മുസ്തർശിദീനിൽനിന്നാരംഭിച്ച് ഇന്ന് നാട്ടിലും മറുനാട്ടിലും പതിനായിരക്കണക്കായ പ്രവർത്തകരും അനുഭാവികളുമുള്ള മഹാപ്രസ്ഥാനമായി മാറിയിട്ടുണ്ടെങ്കിൽ പ്രസ്ഥാനവളർച്ചക്ക് ഏറെ സഹായകമായിത്തീർന്ന ചരിത്രസംഭവങ്ങളായിരുന്നു അതിന്റെ വാർഷിക സമ്മേളനങ്ങൾ. രാഷ്ട്രീയ പാർട്ടികളുടെയും മതസംഘടനകളുടെയും പതിവു ശൈലിയിൽനിന്നു ഭിന്നമായി പൂർണഅച്ചടക്കത്തോടും ദീനീ ചിട്ടയോടും കൂടി നടത്തപ്പെട്ടുപോന്ന മാതൃകാപരമായ ഇസ്‌ലാമിക സമ്മേളനങ്ങളായിരുന്നു ജമാഅത്തു വാർഷികങ്ങൾ. വളാഞ്ചേരി (1948), കുറ്റ്യാടി (1950), മുള്ള്യാകുർശി (1952), എടയൂർ (1953), മലപ്പുറം (1955), ആലുവ (1957), കോഴിക്കോട് മൂഴിക്കൽ (1960), മലപ്പുറം (1969), ദഅ്‌വത്ത് നഗർ (1983) എന്നിവിടങ്ങളിൽ നടന്ന വാർഷികാഘോഷങ്ങളോരോന്നും ജമാഅത്തിന്റെ ക്രമപ്രവൃദ്ധമായ വളർച്ചയുടെ ഘട്ടങ്ങളെ സൂചിപ്പിക്കുന്നു.

1948-ലെ വളാഞ്ചേരി സമ്മേളനത്തിനു ശേഷം അതേവർഷം കോഴിക്കോട് ജമാഅത്തിന്റെ ഒരു വിശേഷാൽസമ്മേളനം ചേരുകയുണ്ടായി. അതിൽവെച്ച് പ്രസ്ഥാനത്തിന്റെ ഭാവിയുമായി ബന്ധപ്പെട്ട സുപ്രധാനമായ ചില തീരുമാനങ്ങളെടുക്കുകയുണ്ടായി. വാണിമേലിൽ ചേരാൻ തീരുമാനിച്ച സമ്മേളനം യാഥാസ്ഥിതികരുടെ കുത്തിത്തിരിപ്പു മൂലം പോലീസ് ഇടപെട്ടു തടയുകയായിരുന്നു. അതേ തുടർന്നാണ് സമ്മേളനം കോഴിക്കോട്ടേക്കു മാറ്റിയത്. കോഴിക്കോട് സമ്മേളന തീരുമാനപ്രകാരമാണ് വളാഞ്ചേരിയിലെ ജമാഅത്ത് ഓഫീസ് കേരള ഹൽഖാ കേന്ദ്രമാക്കിയതും കെ.സി അബ്ദുല്ല മൗലവിയെ ഖയ്യിം വി.പി മുഹമ്മദലി സാഹിബിന്റെ സഹായിയായി നിശ്ചയിച്ചതും. *പ്രബോധനം* പുറത്തിറക്കാനുള്ള തീരുമാനമുണ്ടായതും ഈ സമ്മേളനത്തിലാണ്. എടപ്പാളിലെ താജുദ്ദീൻ സാഹിബ് അവതരിപ്പിച്ച ഇതുസംബന്ധമായ പ്രമേയം ഏകകണ്ഠമായി അംഗീകരിക്കപ്പെടുകയായിരുന്നു. ജമാഅത്തിന് ആദ്യമായി ഒരു മജ്‌ലിസ് ശൂറ ഉണ്ടായതും പ്രസ്തുത യോഗത്തിൽ വെച്ചാണ്. ഖയ്യിമിനു പുറമെ പന്ത്രണ്ട് അംഗങ്ങളടങ്ങിയ മജ്‌ലിസ് ശൂറായിൽ താഴെ പറയുന്നവരാണുണ്ടായിരുന്നത്: ഹാജി വി.പി കുഞ്ഞിപ്പോക്കർ, ടി. വി.കെ മൊയ്തീൻകുട്ടി, സി.എം മൊയ്തീൻകുട്ടി, പി. മരക്കാർ, യു. മുഹമ്മദ്, ടി.ടി കമ്മു (വളാഞ്ചേരിക്കാർ), മുഹമ്മദ് ത്വാഈ മൗലവി, കെ. അബ്ദുല്ല ശർഖി (കാസർകോട്), മുഹമ്മദ് ഹനീഫ് മൗലവി, ബശീർ അഹ്മദ് (കോഴിക്കോട്), ടി. മുഹമ്മദ് (കൊടിഞ്ഞി), കെ.സി അബ്ദുല്ല മൗലവി (കൊടിയത്തൂർ).

പതിനായിരങ്ങൾ പങ്കെടുക്കുന്ന അച്ചടക്കപൂർണമായ സമ്മേളനങ്ങൾ ജമാഅത്തിന്റെ സംഘബലത്തെ എന്നതിലേറെ ആസൂത്രണത്തികവും കേഡർ സ്വഭാവവും വിളിച്ചറിയിക്കുന്നവയായിരുന്നു. സാമാന്യം വൃത്തിയും വെടിപ്പുമുള്ള മലയാളഭാഷയിൽ സമകാലീന സംഭവങ്ങളെ ഖുർആന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ വിലയിരുത്തുന്ന പ്രഭാഷണങ്ങൾ, ഭിന്ന വീക്ഷണഗതിക്കാരായ പണ്ഡിതന്മാരെയും സാംസ്കാരിക നായകന്മാരെയും പങ്കെടുപ്പിച്ചുള്ള ആശയസംവാദങ്ങൾ എന്നിവ ജമാഅത്ത് സമ്മേളനങ്ങളുടെ സവിശേഷതകളായിരുന്നു.

നാൽപതുകളിൽ പിറന്ന പ്രസ്ഥാനം, കേരളം കണ്ട മഹാപ്രതിഭകളായിരുന്ന ഹാജി സാഹിബ്, കെ.സി അബ്ദുല്ല മൗലവി, ടി. മുഹമ്മദ് സാഹിബ്, ടി. ഇസ്ഹാഖലി മൗലവി, ടി.കെ അബ്ദുല്ല സാഹിബ് എന്നിവരുടെ കരുത്തുറ്റ നേതൃത്വത്തിൻ കീഴിൽ പടിപടിയായി വളർന്ന് കേരളത്തിലുടനീളം പ്രവർത്തകരും അനുഭാവികളുമുള്ള പ്രസ്ഥാനമായി മാറി. അതിലുപരി മുസ്‌ലിം കേരളത്തിന്റെ വിചാര മണ്ഡലത്തിൽ ശക്തമായ അലയൊലികൾ സൃഷ്ടിച്ചാണ് അത് മുന്നേറിയത്. കേരള മുസ്‌ലിംകളുടെ സംഘടനാശൈലി, സമ്മേളന രീതി, പ്രസാധനരംഗം തുടങ്ങി ജീവിത ശൈലിയിൽ വരെ അത് വമ്പിച്ച സ്വാധീനം ചെലുത്തുകയുണ്ടായി. 1959-ൽ ഹാജിസാബിന്റെ വിയോഗം കേരളത്തിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് താങ്ങാവുന്നതിലേറെ കനത്ത ആഘാതമാണ് സൃഷ്ടിച്ചത്. ഹാജി സാഹിബിനു ശേഷം കെ.സി അബ്ദുല്ല മൗലവി വിവിധ സന്ദർഭങ്ങളിലായി 24 വർഷം പ്രസ്ഥാനത്തെ നയിച്ചു. ഇടക്കാലത്ത് എട്ടു വർഷം ടി.കെ അബ്ദുല്ലസാഹിബും താൽക്കാലികമായി എ.കെ അബ്ദുൽഖാദിർ മൗലവിയും ഇമാറത്ത് ചുമതല നിർവഹിക്കുകയുണ്ടായി. പഴയ തലമുറയിലെ പണ്ഡിത പ്രതിഭകളുടെ തിരോധാനം പ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം

തീരാനഷ്ടം തന്നെയാണ്.

ജമാഅത്തെ ഇസ്‌ലാമി അതിന്റെ ആദ്യനാളുകൾ തൊട്ടേ മുഖ്യശ്രദ്ധ പതിപ്പിച്ചുപോന്ന മേഖല യാണ് വിദ്യാഭ്യാസം. ഇന്ത്യാ-പാക് വിഭജനത്തോടെ അനാഥമായ മുസ്‌ലിം ഉമ്മത്തിന്റെ സംസ്കരണം സ്വന്തം ദൗത്യമായി ഏറ്റെടുത്ത ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഈ രംഗത്ത് ഫലപ്രദമായ പല പ്രവർത്ത നങ്ങളും നടത്തുകയുണ്ടായി (അ ന്യത്ര ചേർത്തിട്ടുള്ള 'ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാഭ്യാസ നവോ ത്ഥാന സംരംഭങ്ങൾ' കാണുക - പ്ര. പ)

ആദ്യഘട്ടത്തിൽ ജമാഅത്ത് അത്രയൊന്നും താൽപര്യം കാണി ക്കാതിരുന്ന ഒരു കാര്യമാണ് മസ്ജി ദുകളുടെ നിർമാണം. സമുദായ ത്തിൽ ഭിന്നിപ്പുണ്ടാക്കുന്നതിനോ ടുള്ള ജമാഅത്തിന്റെ കടുത്ത അനി ഷ്ടമായിരുന്നു അതിനു കാരണം. അതോടൊപ്പം നിലവിലുള്ള പള്ളി കൾ പരമാവധി പ്രയോജനപ്പെടു ത്തണം എന്ന കാഴ്ചപ്പാടും അതിനു ഹേതുവായിരുന്നു. ആദ്യഘട്ടത്തിൽ ചില മഹല്ലുകൾ പൂർണമായും ജമാ അത്തിനു കീഴിൽ വന്നു. ശാന്തപുരം, ചേന്ദമംഗല്ലൂർ, കുറ്റ്യാടി തുടങ്ങിയവ അക്കൂട്ടത്തിൽ പെടുന്നു. എന്നാൽ പിന്നീട് ജമാഅത്ത് പ്രവർത്തകർ പല പ്രദേശങ്ങളിലും പള്ളിക ളിൽനിന്നു ബഹിഷ്കരിക്കപ്പെടു കയോ പള്ളികളും മിമ്പറുകളും കേന്ദ്രമാക്കി നിരന്തരം പീഡനത്തോ ളമെത്തുന്ന ഭർത്സനങ്ങൾക്കു വിധേ യമാവുകയോ ചെയ്തു. ഈ സാഹ ചര്യത്തിലാണ് ജമാഅത്ത് പ്രവർത്ത കർ പുതുതായി പള്ളികൾ സ്ഥാപി ക്കുന്നതിനെപ്പറ്റി ചിന്തിക്കാൻ തുട ങ്ങിയത്. ഒരുവേള നിർബന്ധിത സഹാചര്യത്തിലാണെങ്കിലും ഇസ്‌ലാമിക പ്രബോധനത്തിന്റെ പുതിയ മേഖല പ്രസ്ഥാനത്തിന്റെ മുമ്പിൽ തുറക്കപ്പെടുകയായിരുന്നു.

പ്രാരംഭം മുതൽക്കേ ജമാ അത്ത് പോളിസിയുടെ ഭാഗമായി രുന്നു ജനസേവന പ്രവർത്തനങ്ങൾ. കലാപങ്ങളും ദുരിതങ്ങളുണ്ടാവു മ്പോൾ അവിടെ ഓടിയെത്തി കഷ്ട പ്പെടുന്നവരുടെ കണ്ണീരൊപ്പുകയെ ന്നത് ജമാഅത്തിന്റെ അജണ്ടയിലെ മുഖ്യപരിപാടിയായിരുന്നു. കേരള ത്തിൽ തലശ്ശേരി, പൂന്തുറ, വിഴിഞ്ഞം കലാപങ്ങളിലും വ്യത്യസ്ത കാലഘ ട്ടങ്ങളിലുണ്ടായ ദുരിതങ്ങളിലും ആശ്വാസമായി ജമാഅത്ത് പ്രവർത്ത കർ ഓടിയെത്തി. ഇന്നിപ്പോൾ ജന സേവന പ്രവർത്തനങ്ങൾക്കായി ഐഡിയൽ റിലീഫ് വിംഗ് (ഐ. ആർ.ഡബ്ലിയു) എന്ന പേരിൽ സേവന പ്രവർത്തനങ്ങളിൽ പ്രത്യേകം ശിക്ഷണം നേടിയ ഒരു സന്നദ്ധസംഘം ജമാഅത്തിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. ആസ്സാ മിലും ലാത്തൂരിലും തിരുവനന്തപുര ത്തുമൊക്കെ ഐ.ആർ.ഡബ്ല്യു പ്രർത്തകർ കാഴ്ചവെച്ച സേവന ങ്ങൾ സർവരാലും പ്രശംസിക്കപ്പെടു കയുണ്ടായി.

സകാത്തിന്റെയും ഫിത്വ്ർ സകാത്തിന്റെയും സംഘടിത വിതര ണം, സംസ്ഥാനത്തുടനീളം ഭംഗി യായി പ്രവർത്തിച്ചു വരുന്ന നൂറു കണക്കായ പലിശരഹിത വായ്പാ നിധികൾ, ഓമശ്ശേരി, പെരുമ്പിലാവ്, കൊടുങ്ങല്ലൂർ, ഹരിപ്പാട് തുടങ്ങി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്തുത്യർഹമായ സേവനങ്ങളനു ഷ്ഠിച്ചു വരുന്ന ആശുപത്രികൾ, അനാഥശാലകൾ, തൊഴിൽ പരിശീ ലന കേന്ദ്രങ്ങൾ ആദിയായവ ജമാ അത്തിന്റെ മാനുഷിക മുഖം വ്യക്ത മാക്കുന്ന സംരംഭങ്ങളാണ്. ആതുര ശുശ്രൂഷാ രംഗത്തും അഗതി-അ നാഥ സംരക്ഷണമേഖലയിലും ഗൾഫിലെ പ്രസ്ഥാനപ്രവർത്തകർ വഹിക്കുന്ന പങ്ക് ഏറെ പ്രശംസ നീയമത്രെ. കേരള ജമാഅത്തിന്റെ സാമൂഹിക പരിഷ്കരണ പ്രധാന മായ മറ്റൊരു സംരംഭമാണ് ഇസ്‌ലാ മിക് മാര്യേജ് ബ്യൂറോ. സ്ത്രീധ നവും അനാചാരങ്ങളുമില്ലാത്ത ഒട്ടേറെ സമൂഹവിവാഹങ്ങൾ ഐ. എം.ബി സംഘടിപ്പിക്കുകയുണ്ടായി.

ജമാഅത്തിന്റെ കീഴിൽ വിദ്യാർഥി ഹൽഖകൾ പ്രാരംഭം മുതൽക്കേ പ്രവർത്തിച്ചുവന്നിരുന്നു. വിദ്യാർഥികൾക്കും യുവജന ങ്ങൾക്കും വേണ്ടി പ്രത്യേക സംഘട നയുണ്ടാവുന്നത് കൂടുതൽ ഫലപ്രദ മാകുമെന്നു കണ്ട് ജമാഅത്ത് അനു ഭാവികളായ ഏതാനും വിദ്യാർഥി കൾ ഫാറൂഖ് കോളേജ് കേന്ദ്രമാക്കി രൂപംനൽകിയ സംഘടനയാണ് ഐഡിയൽ സ്റ്റുഡന്റ്സ് ലീഗ്. 1975-ൽ അടിയന്തരാവസ്ഥയിൽ ഐ. എസ്.എൽ പിരിച്ചുവിടപ്പെട്ടു. പിന്നീട് അഖിലേന്ത്യാ തലത്തിൽ നിലവിൽവന്ന 'സിമി' ആദ്യഘട്ട ത്തിൽ ജമാഅത്ത് ആശീർവാദത്തി ലാണ് വളർന്നത്. എന്നാൽ അത് ജമാഅത്തിന്റെ ഔദ്യോഗിക സംഘ ടനയായിരുന്നില്ല. 1983-ൽ ഇന്ത്യ യിലെ വിവിധ സംസ്ഥാനങ്ങളിൽനി ന്നുള്ള വിദ്യാർഥിസംഘടനകൾ ചേർന്ന്രൂപം നൽകിയ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷനാണ് ജമാഅത്തിന്റെ ഔദ്യോഗിക വിദ്യാർഥി സംഘടന. ആദ്യഘട്ട ത്തിൽ തന്നെ എസ്.ഐ.ഒവിന് കേര ളത്തിൽ നല്ല വേരോട്ടം ലഭിച്ചു. ആയിരക്കണക്കായ വിദ്യാർഥി യുവ ജനങ്ങൾ അതിൽ അണിനിരന്നു. ഇന്ന് ഇസ്‌ലാമികപ്രസ്ഥാനത്തിന്റെ പിൻനിരയെന്ന നിലക്ക് കേരള ത്തിലെ കാമ്പസുകളിൽ ശക്തമായ വേരുകളുള്ള വിദ്യാർഥി പ്രസ്ഥാന മാണ് എസ്.ഐ.ഒ. അച്ചടക്കവും വിശുദ്ധിയുമുള്ള പ്രസ്ഥാനമെന്ന നിലക്ക് വിദ്യാർഥി യുവജനങ്ങൾക്കി ടയിൽ എസ്.ഐ.ഒവിന് ആദരണീയ മായ സ്ഥാനമാണുള്ളത്. വിദ്യാഭ്യാ സത്തിന്റെ മൂല്യവൽക്കരണം, വിദ്യാർഥികളുടെ അവകാശസംരക്ഷ ണം, വിദ്യാർഥി യുവജനങ്ങൾക്ക് സമൂഹത്തോടുള്ള കടപ്പാട് എന്നീ വിഷയങ്ങളിലൂന്നി എസ്.ഐ.ഒ കാമ്പസിനകത്തും പുറത്തുമായി ജനശ്രദ്ധ പിടിച്ചുപറ്റിയ ഒട്ടേറെ പരി പാടികൾ സംഘടിപ്പിക്കുകയുണ്ടാ

യി. ഈയടുത്ത കാലം വരെ യുവജനങ്ങൾക്കുകൂടി പ്രാതിനിധ്യമുണ്ടായിരുന്ന എസ്.ഐ.ഒ അതിന്റെ പ്രവർത്തനം കാമ്പസുകളിൽ പരിമിതപ്പെടുത്താൻ ഒരു വേദിയുടെ കുറവ് ശക്തിയായി അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ട്.

ഒരു സാമൂഹിക നവോത്ഥാനപ്രസ്ഥാനമെന്ന നിലക്ക് വനിതകളുടെ പദവി ഉയർത്തുകയെന്നത് തങ്ങളുടെ ദൗത്യത്തിന്റെ ഭാഗമായാണ് ജമാഅത്ത് കണ്ടത്. ചേന്ദമംഗല്ലൂർ, മൂവാറ്റുപുഴ, തലശ്ശേരി, കുറ്റ്യാടി, കൊടുങ്ങല്ലൂർ, വണ്ടൂർ, പെരിങ്ങാടി, വടകര, മുട്ടം എന്നിവിടങ്ങളിൽ വനിതാ കോളേജുകൾ നിലവിൽ വന്നത് അങ്ങനെയാണ്. പെൺകുട്ടികൾക്ക് ആധുനിക വിജ്ഞാനത്തോടൊപ്പം ഇസ്‌ലാമിക ശിക്ഷണവും നൽകുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിൽ ഈ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കേരളത്തിന്റെ പലഭാഗത്തും നിലവിൽ വന്ന വനിതാ-വിദ്യാർഥിനി ഹൽഖകൾ പ്രസ്ഥാന പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ സഹായകമായി. ഒടുവിൽ ജമാഅത്തിനു കീഴിൽ വനിതാ വിഭാഗവും 1984-ൽ ജി.ഐ.ഒ എന്ന പേരിൽ വിദ്യാർഥിനി സംഘടനയും പ്രത്യേകം നിലവിൽവന്നു. ഇന്ന് കേരളത്തിലെ മുസ്‌ലിം വനിതകളുടെ ഉദ്ധാരണത്തിലും അഭിവൃദ്ധി സംരംഭങ്ങളിലും ഈ പ്രസ്ഥാനങ്ങളുടെ സാന്നിധ്യം സജീവമാണ്.

കേരള ജമാഅത്തിനെ പരിചയപ്പെടുത്തുമ്പോൾ ഗൾഫ് മലയാളികൾക്കിടയിലെ പ്രസ്ഥാന ചലനങ്ങൾ വിസ്മരിക്കുക വയ്യ. കേരളത്തിലെ പ്രസ്ഥാന പ്രവർത്തകരുടെ നാലിലൊന്ന് സുഊദി അറേബ്യ, ഖത്തർ, യു.എ.ഇ, ഒമാൻ, കുവൈത്ത്, ബഹ്റൈൻ തുടങ്ങിയ ഗൾഫ് രാഷ്ട്രങ്ങളിലാണുള്ളത്. ഗൾഫിലെത്തിയ ഒറ്റപ്പെട്ട പ്രവർത്തകർക്ക് ആദ്യഘട്ടത്തിൽ അവിടത്തെ പ്രത്യേക സാഹചര്യത്തിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. എങ്കിലും സ്വന്തം പ്രസ്ഥാനബന്ധം കാത്തുസൂക്ഷിക്കാനും ഗൾഫു മേഖലയിലെ സമാന ചിന്താഗതിക്കാരുമായി ബന്ധം സ്ഥാപിക്കാനും അവരിൽ മിക്കവർക്കും കഴിഞ്ഞു. പിന്നീട് ഗൾഫിലേക്കുള്ള ഒഴുക്ക് ശക്തമായപ്പോൾ കൂട്ടായ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തികച്ചും പ്രതികൂലമായ സാഹചര്യത്തിൽ ഗൾഫ് മേഖലയിൽ കൂട്ടായ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച ആദ്യകാലപ്രവർത്തകർ വഹിച്ച ത്യാഗം അവിസ്മരണീയമത്രെ. നാട്ടിൽനിന്നും എത്തിയ ധാരാളം മലയാളി സഹോദരങ്ങൾ പുതിയ സാഹചര്യത്തിൽ പ്രസ്ഥാനവുമായി അടുക്കുകയും സജീവ പ്രവർത്തകരായി മാറുകയും ചെയ്ത അനുഭവങ്ങളെമ്പാടുമുണ്ട്. ഗൾഫിൽനിന്ന് പ്രസ്ഥാനപ്രവർത്തകനായി മാറിയശേഷം കേരളത്തിലെ തങ്ങളുടെ ഗ്രാമം മുഴുവൻ മാറ്റിയെടുത്തവരുമുണ്ട്. കുവൈത്ത്, ബഹ്റൈൻ, സുഊദി അറേബ്യ എന്നിവിടങ്ങളിലെ കേരള ഇസ്‌ലാമിക് ഗ്രൂപ്പ് (കെ.ഐ.ജി), ഖത്തറിലെ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ, മസ്കത്തിലെ കേരള ഇസ്‌ലാമിക് അസോസിയേഷൻ, സലാലയിലെ ഇസ്‌ലാമിക് മിഷൻ ഫോർ ഇന്ത്യൻസ്, യു.എ.ഇയിലെ ഇസ്‌ലാമിക് കൾച്ചറൽ സെന്റർ എന്നീ സംഘടനകൾക്ക് കീഴിൽ ശക്തവും സജീവവുമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

ആദ്യഘട്ടത്തിൽ കേരളത്തിൽ വിരലിലെണ്ണാവുന്ന പ്രവർത്തകർ മാത്രമാണുണ്ടായിരുന്നത്. ആദ്യകാല നായകരുടെ കഠിനാധ്വാനം വഴി വളരെ പെട്ടെന്ന് പ്രസ്ഥാനം ജനശ്രദ്ധയാകർഷിച്ചു. അതോടെ എതിർപ്പിന്റെ കുന്തമുനകളും ഉയരാൻ തുടങ്ങി. പലേടത്തും ജമാഅത്ത് പ്രവർത്തകർ ശാരീരികമായ കൈയേറ്റങ്ങൾക്കു വിധേയരായി. പള്ളിവിലക്കും ഭ്രഷ്ടും അരങ്ങേറി. ജമാഅത്ത് നേതൃത്വമാകട്ടെ പുതുമയാർന്ന ശൈലിയിലാണ് എതിർപ്പുകളെ നേരിട്ടത്. പ്രത്യാരോപണങ്ങൾക്കോ സ്വഭാവഹത്യക്കോ മുതിരാതെ ക്ഷമാപൂർവം വസ്തുതകൾ വിശദീകരിക്കുക മാത്രം ചെയ്തു. ജമാഅത്തിനെ നിരന്തരം കാഫിറാക്കുകയും പിഴച്ച മുദ്ര കുത്തുകയും ചെയ്തപ്പോഴും ഏതെങ്കിലും വിഭാഗത്തെ കാഫിറാക്കാൻ ജമാഅത്ത് തയാറായില്ല. എതിർപ്പുകൾക്ക് നടുവിലും പ്രസ്ഥാനം നാൾക്കുനാൾ വളർന്നു. എതിർക്കാൻവേണ്ടി രംഗത്തുവന്നവർ പലപ്പോഴും പ്രസ്ഥാനത്തിന്റെ അനുയായികളും പ്രവർത്തകരുമായി മാറി.

1959-ൽ കമ്യൂണിസ്റ്റ് ഗവൺമെന്റിനെതിരിൽ നടന്ന വിമോചനസമരത്തിൽനിന്ന് വിട്ടുനിൽക്കുകയും തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്-മുസ്‌ലിം ലീഗ്-പി.എസ്.പി കൂട്ടുകെട്ടിന് പിന്തുണ നൽകാൻ വിസമ്മതിക്കുകയും ചെയ്തതിന്റെ പേരിൽ ജമാഅത്തിനെതിരിൽ പ്രമുഖ മുജാഹിദ് പണ്ഡിതന്മാർ ചേർന്നിറക്കിയ ഫത്‌വ ഇവിടെ സ്മരണീയമത്രെ. തികച്ചും രാഷ്ട്രീയമായിരുന്നു അതിന്റെ കാരണം. അങ്ങനെ എത്രയോ സന്ദർഭങ്ങളുണ്ടായി. എന്നാൽ 1967-ൽ മർഹൂം ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് കമ്യൂണിസ്റ്റുകാരോട് കൂടിയപ്പോൾ ഇതേ പണ്ഡിതന്മാർ മൗനം പാലിക്കുകയാണ് ചെയ്തത്. എന്നല്ല അവരിൽ ചിലർ അതിനെ ശക്തിയുക്തം ന്യായീകരിക്കുകയും ചെയ്തു.

മുസ്‌ലിം ലീഗും ജമാഅത്തിന്റെ എതിർചേരിയിലാണ് ദൗർഭാഗ്യവശാൽ പലപ്പോഴും നിലയുറപ്പിച്ചത്. സ്വന്തമായ രാഷ്ട്രീയ കാഴ്ചപ്പാടും മുസ്‌ലിം ലീഗിന്റെ കുടക്കീഴിൽ നിൽക്കാനുള്ള വിസമ്മതവും ഇതിനു കാരണമായി ഭവിച്ചിട്ടുണ്ടാകാം. രാഷ്ട്രീയ കാരണങ്ങളേ

ക്കാളേറെ സുന്നി-മുജാഹിദ് താൽപര്യങ്ങളുടെ പേരിൽ ലീഗ് മുഖപത്രമായ ചന്ദ്രിക ജമാഅത്തിനെതിരിൽ തിരിഞ്ഞതാണ് പലപ്പോഴും ബന്ധങ്ങൾ വഷളാവാനിടയാക്കിയത്. എന്നാൽ എല്ലായ്പ്പോഴും സ്ഥിതി അങ്ങനെയായിരുന്നില്ല. ജമാഅത്ത് സ്വന്തം നിലക്ക് ലീഗിനെ ഒരിക്കലും ശത്രുവായി കണ്ടിട്ടില്ല. മുസ്‌ലിം ഐക്യശ്രമങ്ങളിൽ ലീഗുമായി സഹകരിക്കാൻ എന്നും ജമാഅത്ത് താൽപര്യം കാണിച്ചിട്ടുണ്ട്. ജമാഅത്ത് വോട്ടുചെയ്യാൻ തീരുമാനിച്ച ഘട്ടങ്ങളിൽ ഒട്ടുമിക്ക സന്ദർഭങ്ങളിലും ലീഗ് സ്ഥാനാർഥികൾക്ക് വോട്ടുകൊടുക്കുകയുണ്ടായി. അതേ സമയം ആദർശപരമായ നിലപാടിലുറച്ചുനിന്ന് തെറ്റുകൾക്കെതിരെ വിരൽ ചൂണ്ടുന്നതിൽ ഒരു വിട്ടുവീഴ്ചയും കാണിച്ചില്ല. ഇന്നിപ്പോൾ ചരിത്രത്തിലേറ്റവും നല്ല ബന്ധമാണ് ജമാഅത്തും ലീഗും തമ്മിൽ നിലനിൽക്കുന്നത് എന്നുകൂടി ഈ സന്ദർഭത്തിൽ എടുത്തു പറയേണ്ടതുണ്ട്.

ഖാദിയാനികളും മോഡേണിസ്റ്റുകളും തങ്ങളാലാവുന്ന വിധം ജമാഅത്തിനെ തകർക്കാൻ ശ്രമിക്കുകയുണ്ടായി. ആരാണ് തകർന്നത് എന്നത് മറ്റൊരു കാര്യം.

മതേതര മേഖലയിൽനിന്ന് കമ്യൂണിസ്റ്റുകളും യുക്തിവാദികളും സെക്യുലരിസ്റ്റുകളും ജമാഅത്തിനെ ശക്തിയായി ആക്രമിച്ചുപോന്നു. ദേശദ്രോഹസംഘടന, മതമൗലികവാദികൾ, വർഗീയവാദികൾ എന്നിങ്ങനെ ഏറെ വിചിത്രമായ പല ആരോപണങ്ങളും അവർ ജമാഅത്തിന്റെ നേരെ ചൊരിഞ്ഞു. ജമാഅത്താവട്ടെ നാവും തൂലികയുമുപയോഗിച്ച് അവയെ ശക്തമായി നേരിട്ടതോടൊപ്പം നിരന്തര സമ്പർക്കത്തിലൂടെ ജമാഅത്തിന്റെ യഥാർഥ ചിത്രം ബോധ്യപ്പെടുത്താനും ശ്രമിച്ചുപോന്നു. യുക്തിവാദികളോ സെക്യുലരിസ്റ്റുകളോ ഇന്ന് ജമാഅത്തിനെതിരിൽ പടവാളുമായി രംഗത്തില്ല. കമ്യൂണിസ്റ്റ് എതിർപ്പിന്റെ മുനയൊടിഞ്ഞിരിക്കുന്നു. അതേസമയം യുക്തിവാദം, സെക്യുലരിസം, കമ്യൂണിസം തുടങ്ങിയ ആശയങ്ങളോട് ജമാഅത്ത് ഒരു വിട്ടുവീഴ്ചക്കും തയാറായില്ല. ശക്തമായ ആശയ സമരത്തിലൂടെ അവയുടെ പൊള്ളത്തരം തുറന്നു കാണിച്ചു. ആഗോള തലത്തിൽ കമ്യൂണിസത്തിനുണ്ടായ തകർച്ചയും ഇന്ത്യയിൽ ഹൈന്ദവ ഫാഷിസത്തിന്റെ വളർച്ചയും ജമാഅത്തിനെതിരിലുള്ള കമ്യൂണിസ്റ്റുകളുടെ സമീപനത്തിൽ അയവുവരുത്താൻ സഹായിച്ച ഘടകങ്ങളാണ്. അതുകൊണ്ടുതന്നെ ജമാഅത്ത് വോട്ടിംഗിൽ പങ്കെടുക്കാൻ തീരുമാനിച്ച ആദ്യഘട്ടത്തിൽ സർവാധിപത്യ, സമഗ്രാധിപത്യ കക്ഷിയെന്ന നിലക്ക് കമ്യൂണിസ്റ്റുകളെ ഒഴിവാക്കിയിരുന്നെങ്കിലും പിന്നീട് ആ നിലപാടിൽ മാറ്റം വരുത്തുകയാണ് ചെയ്തത്.

പിന്നിട്ട അമ്പതുവർഷങ്ങളിൽ ജമാഅത്ത് എന്തുനേടി എന്ന് അതിന്റെ എതിരാളികൾ പലപ്പോഴും ചോദിക്കാറുണ്ട്. രാഷ്ട്രീയത്തിൽ പങ്കെടുക്കുകയോ അസംബ്ലിയിലോ പാർലമെന്റിലോ പ്രതിനിധികളെ അയക്കുകയോ മന്ത്രിസഭയിൽ പങ്കാളിത്തം വഹിക്കുന്നയോ ചെയ്യുന്നതു മാത്രമേ നേട്ടമാകൂ എന്ന് ചിന്തിക്കുന്നവർക്ക് ജമാഅത്തിന്റെ നേട്ടങ്ങൾ കാണാനാവില്ല. ആ കണ്ണട മാറ്റിവെച്ച് നിഷ്പക്ഷമായി ചിന്തിക്കുന്ന പക്ഷം നമുക്ക് കാണാൻ കഴിയുന്ന ചില വസ്തുതകളുണ്ട്. മുസ്‌ലിംകൾ മാപ്പിള ജാതിയും ഇസ്‌ലാം അവരുടെ മാമൂൽ മതവും മാത്രമായിരുന്ന ഒരു ഘട്ടത്തിലാണ് ജമാഅത്ത് പ്രവർത്തനമാരംഭിക്കുന്നത്. താഴെ പറയുന്ന ആശയങ്ങളുടെ പ്രചാരണത്തിനാണ് ജമാഅത്ത് ഇതഃപര്യന്തം പ്രവർത്തിച്ചു പോന്നിട്ടുള്ളത്.

1. ഇസ്‌ലാം സാർവജനീനമായ ഒരു ആദർശപ്രസ്ഥാനമാണ്. മുസ്‌ലിംകൾ ഒരാദർശ സമൂഹമാണ്. ഇസ്‌ലാമികാടിത്തറയിൽ മുസ്‌ലിംകളുടെ ജീവിതം വാർത്തെടുക്കണം. വിശുദ്ധ ഖുർആനും പ്രവാചകചര്യയുമാണ് അവർക്ക് മാതൃക.

2. സാധാരണ അർഥത്തിലുള്ള മതമെന്നതിലുപരി മനുഷ്യജീവിതത്തെ സമഗ്രമായുൾക്കൊള്ളുന്ന സമ്പൂർണ ജീവിതവ്യവസ്ഥയാണത്.

3. കമ്യൂണിസത്തിനും ക്യാപിറ്റലിസത്തിനും ബദലായി സമ്പൂർണ ദർശനവും ബദൽ വ്യവസ്ഥയുമാണത്.

4. കാരുണ്യം, നീതി, സമത്വം, സമാധാനം, സഹിഷ്ണുത എന്നീ മാനുഷിക മൂല്യങ്ങളാണത് ഉയർത്തിപ്പിടിക്കുന്നത്.

5. ഇസ്‌ലാം ഒരു മിഷനറി പ്രസ്ഥാനമാണ്. മുസ്‌ലിംകൾ ഒരു ജാതിയോ സമുദായമോ എന്നതിലുപരി ഒരാദർശപ്രസ്ഥാനത്തിന്റെ വക്താക്കളാണ്. ഇസ്‌ലാമികപ്രബോധനമാണ് അവരുടെ ദൗത്യം.

6. ന്യൂനപക്ഷമെന്ന നിലക്ക് തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടിയാൽ മാത്രം പോരാ, ഇസ്‌ലാമിനെ പ്രതിനിധീകരിച്ച് രാജ്യത്തിന്റെ നന്മക്കു വേണ്ടി പോരാടാനും തിന്മക്കെതിരിൽ നിലകൊള്ളാനും അവർ സന്നദ്ധരാകണം.

7. രാജ്യത്തെ പൗരന്മാരെന്ന നിലയ്ക്ക് രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിലും ഒപ്പത്തിനൊപ്പം അവർ പങ്കാളികളാവണം.

8. ഇസ്‌ലാം ഒരു വിപ്ലവപ്രസ്ഥാനമാണെങ്കിലും അക്രമവും അട്ടിമറിയും അതിന്റെ മാർഗമല്ല. സമാധാനപരവും ജനാധിപത്യപരവുമായ മാർഗമാണ് മുസ്‌ലിംകൾ തെരഞ്ഞെടുക്കേണ്ടത്.

9. ബഹുജാതി-മതങ്ങൾ ജീവിക്കുന്ന ഇന്ത്യാ രാജ്യത്ത് ഹിന്ദുക്കളും മുസ്‌ലിംകളും സഹോദരന്മാരായി കഴിയണം. മതസൗഹാർദവും സഹിഷ്ണുതയും സമാധാനാന്തരീക്ഷവും നിലനിർത്താൻ മുസ്‌ലിംകൾ യത്നിക്കണം.

ഈ ആശയങ്ങളുടെ പ്രചാരണ

ത്തിൽ വമ്പിച്ച വിജയമാണ് ജമാഅത്ത് കൈവരിച്ചത്. ആദർശരംഗത്ത് തൗഹീദിന്റെ യഥാർഥരൂപം സമർപ്പിച്ചുവെന്നതോടൊപ്പം മുസ്‌ലിം സമൂഹത്തെ ഒരു മാതൃകാസമൂഹമാക്കാനുള്ള നിരന്തരയത്നങ്ങളിലും അതു പങ്കാളിയായി. പ്രസ്ഥാനം അതിന്റെ കഴിവനുസരിച്ച് ചെറുതെങ്കിലും ഒരു സമൂഹത്തെ മാതൃകാപരമായി കെട്ടിപ്പടുക്കുകയും ചെയ്തു. സമുദായത്തിനകത്തും പുറത്തും മൂല്യങ്ങൾക്കുവേണ്ടി ശക്തമായി നിലകൊള്ളാനും മൂല്യച്യുതിക്കെതിരെ വിട്ടുവീഴ്ചയില്ലാതെ പോരാടാനും പ്രസ്ഥാനത്തിനു കഴിഞ്ഞു.

രാജ്യത്തുവളർന്നുവരുന്ന വർഗീയഫാസിസത്തിനെതിരെ മതേതരശക്തികളെ യോജിപ്പിക്കാൻ ശ്രമിച്ചു. കമ്യൂണിസ്റ്റുകളുമായി ആശയസംവാദത്തിനു തുടക്കം കുറിച്ചു. രാജ്യത്തെ എല്ലാ വിഭാഗം രാഷ്ട്രീയ പാർട്ടി നേതാക്കളുമായും നിരന്തര സമ്പർക്കം പുലർത്തി രാജ്യം നേരിടുന്ന മുഖ്യപ്രശ്നങ്ങളിൽ യോജിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി.

ക്രിസ്ത്യൻ-ഹിന്ദു സംഘടനകളുമായി ആശയസംവാദത്തിനു തുടക്കം കുറിച്ചുവെന്നതാണ് എടുത്തുപറയേണ്ട മറ്റൊരു കാര്യം. വ്യത്യസ്ത മതവിഭാഗങ്ങൾ ശത്രുത വെടിഞ്ഞു പരസ്പരം അടുക്കേണ്ടത് കാലഘട്ടത്തിന്റെ ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണെന്ന് ജമാഅത്ത് മനസ്സിലാക്കുന്നു. അതിന്റെ ഭാഗമായി കേരളത്തിൽ പലഭാഗത്തും ഹിന്ദു-ക്രിസ്ത്യൻ-മുസ്‌ലിം മതനേതാക്കളെ പങ്കെടുപ്പിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകയുണ്ടായി.

സയണിസ്റ്റുകളും സാമ്രാജ്യത്വ ശക്തികളും ഓറിയന്റലിസ്റ്റുകളും ഫാഷിസ്റ്റു വർഗീയ ശക്തികളും ചിത്രീകരിക്കുന്ന ഭീകരപ്രസ്ഥാനമല്ല ഇസ്‌ലാമെന്നും മറിച്ച് ജൂതായിസത്തിന്റെയും ക്രിസ്തുമത്തിന്റെയും തുടർച്ചയായി അവതീർണമായ വിശുദ്ധ വേദവും പ്രവാചകൻ മുഹമ്മദി(സ)ന്റെ ജീവിതചര്യയും വരച്ചുകാട്ടുന്ന ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശമാണ് അതെന്നും, കഴിഞ്ഞ ആയിരത്തിലധികം വർഷമായി ഇസ്‌ലാം ഈ രാജ്യത്ത് നന്മയുടെയും മൂല്യങ്ങളുടെയും സുഗന്ധം പരത്തി നിൽക്കുന്ന സത്യസന്ദേശമാണെന്നും, ആ സന്ദേശം അംഗീകരിക്കുന്ന കോടാനുകോടി മനുഷ്യർ തലമുറകളായി ഈ രാജ്യത്ത് ജീവിക്കുന്നുണ്ടെന്നും അവരുടെ വിശ്വാസ പ്രമാണങ്ങളെ യഥാവിധി തിരിച്ചറിയാൻ ശ്രമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വ്യാപകമായ തോതിൽ പ്രബോധന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതാണ് സുപ്രധാനമായ മറ്റൊരു കാൽവയ്പ്. അമുസ്‌ലിം സഹോദരന്മാർക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്താനുള്ള ജമാഅത്തിന്റെ ശ്രമങ്ങൾ കേവലം മതപരിപവർത്തന ശ്രമങ്ങളായിരുന്നില്ല. സമുദായ സൗഹാർദത്തിന്റെ പുതിയ ഒരു അധ്യായത്തിനു തുടക്കം കുറിക്കാൻ അതു നിമിത്തമായി.

ഇസ്‌ലാമിനും ശരീഅത്തിനുമെതിരിൽ യുക്തിവാദികളുടെയും സെക്യുലരിസ്റ്റുകളുടെയും ഖാദിയാനികളുടെയും മോഡേണിസ്റ്റുകളുടെയും ഭാഗത്തുനിന്ന് കടുത്ത ആക്രമണങ്ങളുണ്ടായപ്പോൾ ദീനിനെയും സമുദായത്തെയും പ്രതിനിധീകരിച്ചുകൊണ്ട് ഒരു നെടുങ്കോട്ട പോലെ നിലകൊണ്ട് അവയ്ക്കെതിരിൽ പോരാടി. ഈ സന്ദർഭങ്ങളിലൊക്കെ സമുദായത്തിലെ എല്ലാ വിഭാഗവും ജമാഅത്തിന്റെ നേർക്ക് പ്രതീക്ഷാപൂർവം ഉറ്റുനോക്കുകയും, അതിന്റെ സഹകരണം തേടുകയും ചെയ്തുവെന്നത് ചരിത്രവസ്തുതയാണ്.

സമുദായത്തിലെ മിക്കവാറും എല്ലാ സംഘടനകളും ജമാഅത്തിനെ എതിർത്തുകൊണ്ടിരുന്നപ്പോഴും ദീനിന്റെ ചൈതന്യവും കാലഘട്ടത്തിന്റെ താൽപര്യവുമുയർത്തിപ്പിടിച്ച് സമുദായ ഐക്യത്തിനുവേണ്ടി ജമാഅത്ത് നിലകൊണ്ടു. മുസ്‌ലിം ഐക്യശ്രമങ്ങളുണ്ടായപ്പോഴൊക്കെ ജമാഅത്ത് പൂർണ സഹകരണവും പിന്തുണയും നൽകുകയുണ്ടായി.

1979-ൽ പുളിക്കൽ ചേർന്ന സലഫി സമ്മേളനത്തോടനുബന്ധിച്ച് ജമാഅത്തെ ഇസ്‌ലമിയുടെയും കേരള ജംഇയ്യത്തുൽ ഉലമയുടെയും നേതാക്കൾ സുഊദി പണ്ഡിതനായ ശൈഖ് അബ്ദുല്ല ഫൻദൂഖിന്റെ സാന്നിധ്യത്തിൽ കോഴിക്കോട് വെച്ച് ഒരു ഐക്യകരാർ ഒപ്പുവെക്കുകയുണ്ടായി. ആ കരാറിന്റെ കോപ്പി പോലും പുറത്തുവന്നില്ല എന്നത് വേറെ കാര്യം. 1990-ൽ കുവൈത്ത് മതകാര്യ വകുപ്പ് ഡയറക്ടർ ശൈഖ് നാദിർ നൂരിയുടെ സാന്നിധ്യത്തിൽ സുന്നി നേതാവ് എ.പി അബൂബക്കർ മുസ്‌ലിയാരും മുജാഹിദ് നേതാവ് ശൈഖ് അബ്ദുസ്സമദ് അൽ കാതിബും ജമാഅത്തെ ഇസ്‌ലാമി പ്രതിനിധി അബ്ദുർറഹ്മാൻ തറുവായിയും ചേർന്ന് മറ്റൊരു ഐക്യകരാറിൽ ഒപ്പുവെച്ചതും നിഷ്ഫലമായ ഐക്യശ്രമങ്ങളുടെ പട്ടികയിൽ പെടുന്നു. പിന്നീട് പൂന്തുറ കലാപമുണ്ടായപ്പോൾ എറണാകുളത്തു ചേർന്ന മുസ്‌ലിം സംഘടനകൾ ഡോ. മുഹ്‌യിദ്ദീൻ ആലുവായിയുടെ നേതൃത്വത്തിൽ ഐക്യവേദി രൂപീകരിച്ചപ്പോൾ ജമാഅത്ത് സഹർഷം അതിനെ സ്വാഗതം ചെയ്യുകയുണ്ടായി. പിന്നീട് എം.എസ്.എസ് താൽപര്യമെടുത്തു വിളിച്ചു ചേർത്ത മുസ്‌ലിം സംഘടനാ പ്രതിനിധികളുടെ യോഗത്തിലും ജമാഅത്ത് സജീവമായി പങ്കുവഹിക്കുകയുണ്ടായി. ആസന്നമായ ജമാഅത്ത് സമ്മേളനത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ മുസ്‌ലിം സംഘടനാനേതാക്കളെയും പങ്കെടുപ്പിച്ച് സംഘടിപ്പിക്കുന്ന മുസ്‌ലിം ഐക്യദാർഢ്യ സമ്മേളനത്തിന്റെ പിന്നിലെ ചേതോവികാരവും മറ്റൊന്നല്ല. മുസ്‌ലിം വിദ്യാ

ഭ്യാസ സാംസ്കാരിക സംഘടനക ളായ എം.ഇ.എസും എം.എസ്. എസും പൊതുവേ ഐക്യശ്രമങ്ങ ളോട് താൽപര്യപൂർവമായ സമീപന മാണ് സ്വീകരിച്ചുപോന്നത്.

രാജ്യത്തെ ഉത്തരവാദപ്പെട്ട ഒരു പ്രസ്ഥാനമെന്ന നിലക്ക് രാഷ്ട്ര ത്തിന്റെ ഭാവിയെ ബാധിക്കുന്ന മുഖ്യ പ്രശ്നങ്ങളിൽ സ്വന്തം കാഴ്ചപ്പാട് അവതരിപ്പിക്കുകയും വ്യതിയാന ങ്ങൾക്കെതിരെ നാവും തൂലികയും ചലിപ്പിക്കുകയും ചെയ്തു. യുദ്ധം, സാമ്രാജ്യത്വം, അഴിമതി, മൂല്യച്യുതി, ക്രിമിനലിസം, മദ്യം, മയക്കുമരുന്നുക ളുടെ വ്യാപനം, തീവ്രവാദം എന്നിവ ക്കെതിരെയും അടിച്ചമർത്തപ്പെട്ടവ രുടെ മോചനം, സ്ത്രീയുടെ അവ കാശ സംരക്ഷണം, മതസൗഹാർദം, മൗലിക മനുഷ്യാവകാശങ്ങൾ എന്നി വക്കുവേണ്ടിയും നിരന്തരം ശബ്ദമു യർത്തി. സമാന ചിന്താഗതിക്കാരു മായി കൈകോർത്തുപിടിച്ചു.

കേഡർ സംഘടനയായ ജമാ അത്തിന് ഒരു ബഹുജനപ്രസ്ഥാന മായി മാറാൻ കഴിഞ്ഞിട്ടില്ല എന്നത് ശരിയാണ്. അതേസമയം കേരള മുസ്‌ലിം നവോത്ഥാനരംഗത്തും, ഇസ്‌ലാമിക പ്രബോധന രംഗത്തും അതു നിർവഹിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങൾ അദ്വിതീയമാണ്. സംഘടാപരമായി ഭിന്ന ചേരികളിലാ ണെങ്കിലും സർവോപരി ആശയ തലത്തിൽ ജമാഅത്തിന്റെ കാഴ്ചപ്പാ ടുകളോട് ആരോഗ്യകരമായി സംവ ദിക്കുകയും സഹകരിക്കുകയും ചെയ്യുന്ന വലിയ വിഭാഗം മുസ്‌ലിം സമുദായത്തിനകത്തും പുറത്തുമു ണ്ട്. രാജ്യത്തിന്റെ സാമൂഹിക-സാം സ്കാരിക മേഖലകളിൽ പ്രസ്ഥാനം ചെലുത്തുന്ന ഈ സ്വാധീനം തന്നെ യാണ്, ഒരുവേള കഴിഞ്ഞ അര നൂറ്റാ ണ്ടിനിടയിൽ പ്രസ്ഥാനം കൈവരിച്ച ഏറ്റവും വലിയ നേട്ടം.

ജമാഅത്തെ ഇസ്‌ലാമിക്ക് അഭിമുഖീകരിക്കേണ്ടിവന്ന വെല്ലുവി ളികളിൽ ഏറ്റവും മുഖ്യമായത് 1975-ൽ അടിയന്തരാവസ്ഥക്കാ ലത്തും 1992-ൽ ബാബരി മസ്ജി ദിന്റെ പതനത്തെ തുടർന്നും അതി ന്റെമേൽ അടിച്ചേൽപിക്കപ്പെട്ട സർക്കാർ നിരോധനങ്ങളാണ്. പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ അതുളവാക്കിയ പ്രയാസങ്ങൾ തെല്ലൊന്നുമല്ല. സ്രഷ്ടാവിന്റെ കൃപകൊണ്ട് അവ രണ്ടും ഭംഗിയായി അതിജീവിക്കാൻ പ്രസ്ഥാനത്തിനു കഴിഞ്ഞു. രണ്ടു നിരോധനങ്ങൾക്കു ശേഷവും പ്രസ്ഥാനം പൂർവാധികം ശക്തി യോടെ രംഗത്തുവന്നു.

ജമാഅത്തെ ഇസ്‌ലാമിയുടെ നേട്ടങ്ങളെക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. എന്നാൽ കർശനമായ ആദർശനിഷ്ഠ കാരണം ബഹുജന ങ്ങളെ ആകർഷിക്കാൻ പ്രസ്ഥാന ത്തിനു കഴിയുന്നില്ല എന്നത് ശരിയാ ണ്. ആശയതലത്തിൽ പ്രസ്ഥാന ത്തോട് അനുഭാവം പുലർത്തുന്നവർ പോലും പ്രായോഗികതലത്തിൽ അതിൽനിന്നു അകന്നുനിൽക്കാൻ ഇത് കാരണമാകുന്നു.

പ്രാപ്തമായ നേതൃത്വത്തിന്റെ അഭാവമാണ് പ്രസ്ഥാനം നേരിടുന്ന പ്രതിസന്ധികളിലൊന്ന്. കാല ത്തിന്റെ മാറ്റത്തിനും പ്രസ്ഥാന ത്തിന്റെ വളർച്ചക്കും അനുസൃത മായി പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തമായ ഒരു ടീമിന്റെ അഭാവം പ്രകടമാണ്. 'ഗൾഫ് ബൂമി'ന്റെ ഫലമായുണ്ടായ മസ്തിഷ്കചോർച്ച ഇതിനൊരു കാര ണമാണ്. അതോടൊപ്പം ആഗോളത ലത്തിൽ ഇസ്‌ലാമിക പ്രസ്ഥാന ങ്ങൾക്കിടയിൽ സംഭവിച്ച ചേരിതി രിവ് നേരിയ തോതിലെങ്കിലും കേരള ജമാഅത്തിനെയും ബാധിക്കുകയു ണ്ടായി. കേരളത്തിലെ ഇതര മതസം ഘടനകളിലെന്നപോലെ ജമാഅ ത്തിലും ഔപചാരിക മതവിദ്യാ ഭ്യാസം നേടിയ പണ്ഡിതന്മാരാണ് നേതൃനിരയിലുള്ളത്. ഇത് തീർച്ച യായും പ്രസ്ഥാനത്തെ ആദർശവു മായി അടുപ്പിക്കുന്നതിൽ മുഖ്യപങ്കു വഹിച്ച ഒരു ഘടകമാണ്. എന്നാൽ ആധുനിക വിദ്യാഭ്യാസം സിദ്ധിച്ചവ രുടെ പ്രാതിനിധ്യം വേണ്ടത്ര ഇല്ലാതെപോയത് പ്രസ്ഥാനത്തിനു ക്ഷീണമുണ്ടാക്കുകയും ചെയ്തു. എസ്.ഐ.ഒവിലൂടെ ഈ വിടവ് നിക ത്തപ്പെടുമെന്നാണ് നാം പ്രതീക്ഷി ക്കുന്നത്. ജമാഅത്തിലേക്ക് ആദ്യം കടന്നുവന്നത് സലഫീ കാഴ്ചപ്പാട് പുലർത്തുന്നവരായിരുന്നുവെന്ന് മുമ്പ് സൂചിപ്പിക്കുകയുണ്ടായി. അന്ധവിശ്വാസങ്ങളോടും അനാചാര ങ്ങളോടും വിട്ടുവീഴ്ചയില്ലാത്ത നില പാടെടുക്കാൻ അതു സഹായകമാ യെങ്കിലും, പാരമ്പര്യമായിക്കിട്ടിയ സലഫീ തീവ്രത കേരളത്തിന്റെ പശ്ചാത്തലത്തിൽ യാഥാസ്ഥിതിക വിഭാഗത്തെ പൂർണമായും അകറ്റാനി ടയാക്കി. ഏതെങ്കിലും മദ്ഹബി നോട് പ്രത്യേക ചായ്‌വ് പുലർത്തരു തെന്ന ജമാഅത്തിന്റെ സ്വതന്ത്ര നില പാട് ഉയർത്തിപ്പിടിക്കാൻ പ്രവർത്ത കർക്ക് കഴിയാതെ പോയി. കേരള ത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അനുഭവിക്കേണ്ടിവന്ന കടുത്ത എതിർപ്പുകൾ നിമിത്തം ഏറെ സമ യവും അധ്വാനവും പ്രതിരോധയ ത്നങ്ങളിൽ ചെലവഴിക്കാൻ പ്രസ്ഥാനം നിർബന്ധിതമായി. ഇത് സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ പ്രസ്ഥാനത്തിന്റെ മുന്നേറ്റത്തെ തട ഞ്ഞുവെന്നുമാത്രമല്ല, നിസ്സാര കര്യ ങ്ങൾക്കു വേണ്ടി തർക്കിക്കുന്ന മതക ക്ഷികളിലൊന്ന് എന്ന പ്രതിഛായ പ്രസ്ഥാനത്തിനു നൽകാനിടയാക്കു കയും ചെയ്തു. ആദ്യകാലങ്ങളിൽ ഇന്ത്യൻ മുസ്‌ലിം മനസ്സിനെ പ്രതിനി ധീകരിച്ച് ഉർദു, അലീഗർ, മുസ്‌ലിം വ്യക്തിനിയമം, ബാബരി മസ്ജിദ് എന്നീ പ്രശ്നങ്ങളിൽ പ്രകടിപ്പിക്കാ നിടയായ കവിഞ്ഞ താൽപര്യം അമുസ്‌ലിം സഹോദരർക്കിടയിൽ ജമാഅത്ത് കേവലം ഒരു സാമുദാ യിക സംഘടനയാണെന്ന ധാരണ പരത്താനും ഇടയാക്കുകയുണ്ടായി. വിഭാഗീയതക്കും പക്ഷപാതിത്വ ത്തിനും അതീതമായ വിശാല മാനു ഷികതയാണ് ജമാഅത്ത് ലക്ഷ്യം

വയ്ക്കുന്നതെങ്കിലും മനുഷ്യസഹജമായ ദൗർബല്യങ്ങളിൽനിന്ന് പൂർണമായും മുക്തരാണ് ജമാഅത്ത് പ്രവർത്തകരെന്ന് പ്രസ്ഥാനം കരുതുന്നില്ല. ആത്മപരിശോധന നടത്താനും വീഴ്ചകൾ പരിഹരിക്കാനും എന്നും പ്രസ്ഥാനം സന്നദ്ധമായിട്ടുണ്ട്.

ഇന്നിപ്പോൾ പിന്നിട്ട അമ്പതു വർഷങ്ങളിലെ നേട്ടകോട്ടങ്ങൾ വിലയിരുത്തിയും തെറ്റുകൾ തിരുത്തിയും മുന്നോട്ടു പോകാനുള്ള തയാറെടുപ്പിലാണ് പ്രസ്ഥാനം. മുസ്‌ലിം സംഘടനകളുമായി കാഴ്ചപ്പാടുകളിൽ ഭിന്നതയുള്ളതോടൊപ്പം യോജിക്കാവുന്ന പോയന്റുകളിൽ യോജിച്ചു നീങ്ങാനുള്ള ഒരു സ്ട്രാറ്റജി രൂപപ്പെടുത്തണമെന്നാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്. അതേസമയം പ്രസ്ഥാനത്തിന്റെ ആദർശ പ്രതിബദ്ധതയിലും മൂല്യനിഷ്ഠതയിലും വിട്ടുവീഴ്ച ചെയ്യാതെ അതു സാധിക്കേണ്ടതുണ്ട്.

പൊതുരംഗത്ത് രാഷ്ട്രത്തിന്റെ ഭാവിയിൽ താൽപര്യമുള്ള സമാനചിന്താഗതിക്കാരായ എല്ലാവരുമായി കൈകോർത്തുപിടിച്ചു മുന്നോട്ടു പോകണമെന്നാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്. അന്ധമായ എതിർപ്പും ശത്രുതയുമല്ല, തുറന്ന ആശയവിനിമയവും രാജ്യനന്മ ലാക്കാക്കിയുള്ള കൂട്ടായ്മയുമാണ് ആവശ്യമെന്നു ജമാഅത്ത് കരുതുന്നു.

കേരളത്തിലെ വ്യത്യസ്ത മത വിഭാഗങ്ങളുമായി ജമാഅത്ത് ഡയലോഗിന് തുടക്കം കുറിച്ചുകഴിഞ്ഞു. അത് വികസിപ്പിക്കാനും ആരോഗ്യപരമായ കൊള്ളക്കൊടുക്കകൾക്ക് അവസരമൊരുക്കാനും കഴിയണം. ആദർശപ്രബോധനം തുടർന്നുകൊണ്ട് രാജ്യത്ത് സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും ജനാധിപത്യപരമായ പരസ്പരബന്ധത്തിന്റെയും അന്തരീക്ഷം വളർത്തിയെടുക്കാനാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്. രാഷട്രീയമോ സാമുദായികമോ ആയ എന്തെങ്കിലും താൽപര്യങ്ങളിലുപരി രാജ്യത്തോടും രാജ്യനിവാസികളോടുമുള്ള നിഷ്കളങ്കമായ സ്നേഹമാണ് പ്രസ്ഥാനത്തെ ഈ നിലപാടെടുക്കാൻ പ്രേരിപ്പിക്കുന്നത്.